# വിഷുവിന്റെ സന്ദേശം

കേരളീയരുടെ പ്രധാന വിശേഷദിവസങ്ങളിൽ ഒന്നാണ് മേടമാസത്തിലെ വിഷു. കേരളത്തിലെ വിഷുദിനാചരണത്തിന് ആയിരത്തിലധികം വർഷത്തെ പഴക്കമുണ്ട് എന്നതിന് രേഖകളുണ്ട്. രാപകലുകൾ തുല്യമായി വരുന്ന ദിവസത്തിനുള്ള പേരാണ് വിഷുവത്. 'വിഷുവം' എന്ന മറ്റൊരു പേരു കൂടി ഇതിനുണ്ട്. ഇതാണ് 'വിഷു' എന്ന പേരിൽ അറിയപ്പെടുന്നത്.

ശ്രീകൃഷ്ണൻ നരകാസുരനെ വധിച്ച ദിവസമാണെന്നും, രാവണനെ ഭയന്ന് നേരെ കിഴക്കുദിക്കാൻ കഴിയാതിരുന്ന സൂര്യൻ, രാവണവധാനന്തരം നേരെ കിഴക്കുദിച്ച ദിവസമാണെന്നും വിഷുവിനെ പ്പറ്റി ചില ഐതിഹ്യങ്ങളുണ്ട്.

ഉത്തരകേരളത്തിലെയും ദക്ഷിണകേരളത്തിലെയും വിഷുആഘോഷങ്ങൾക്ക് ചില വ്യത്യാസങ്ങളുണ്ട്. ഉത്തരഭാരതത്തിൽ 'ബിഹു' എന്നും ആന്ധ്ര-കർണ്ണാടക സംസ്ഥാനങ്ങളിൽ 'ഉഗാദി' (യുഗാദി) എന്ന പേരിലുമാണ് വിഷു അറിയപ്പെടുന്നത്.

വിഷുദിനാഘോഷങ്ങളിലെ പ്രധാനമായ ഒന്നാണ് വിഷുക്കണി. കണിയൊരുക്കത്തിൽ ചില ദേശ്യഭേദങ്ങളുണ്ട്. ശ്രീകൃഷ്ണവിഗ്രഹത്തിന്റെ മുന്നിലാണ് വിഷുക്കണി ഒരുക്കിവയ്ക്കുന്നത്. കണിക്കൊന്നപ്പൂവ്, കണിവെള്ളരി, നാളികേരം, മാങ്ങ, ചക്ക, വെറ്റില, പാക്ക്, നെല്ല്, വാല്ക്കണ്ണാടി, സ്വർണ്ണം, അലക്കിയ വസ്ത്രം, ഗ്രന്ഥം മുതലായവയാണ് കണിവസ്തുക്കൾ. ഇവയെല്ലാം ഒരു ചെറിയ ഉരുളിയിലോ പരന്നപാത്രത്തിലോ നിറച്ചാണ് കണിയൊരുക്കുന്നത്.

അതിരാവിലെ വീട്ടിലെ ഏറ്റവും മുതിർന്ന അംഗം വിഷുക്കണിക്കു മുമ്പിലുള്ള ഭദ്രദീപം കത്തിക്കും. പ്രാർത്ഥനാനന്തരം കുടുംബാംഗങ്ങൾക്കെല്ലാം കൈനീട്ടമായി നാണയങ്ങൾ നല്കും.

മനുഷ്യർ കണി കണ്ടശേഷം കന്നുകാലികളെയും വൃക്ഷങ്ങളെയും കണികാണിക്കും.

വിഷുദിനാഘോഷങ്ങൾക്ക് കാർഷിക വൃത്തിയുമായി അഭേദ്യമായ ബന്ധമുണ്ട്. നമ്മുടെ കണിവസ്തുക്കളിൽ മിക്കവയും കാർഷികോത്പന്നങ്ങളാണ്. വിഷുദിനം മുതൽ കാർഷികോപകരണങ്ങൾ, വിത്ത്, വളം എന്നിവയെല്ലാം കൃഷി ചെയ്യുന്നതിനു തയ്യാറാക്കിവയ്ക്കും. ചില സ്ഥലങ്ങളിൽ നിലമുടമസ്ഥൻ വയലുകളിൽ വളവും വിത്തുമിടാൻ പാകത്തിൽ കലപ്പ കൊണ്ടോ മറ്റോ ഒരു ചാൽ എടുക്കും. 'വിഷുച്ചാൽ കീറൽ' എന്നാണ് ഇതിനു പേര്.

നമ്മുടെ ഉപജീവനത്തിന് ആവശ്യമുള്ളതെല്ലാം നല്കുന്നത് പ്രകൃതിയാണ്. അതുകൊണ്ടാണ് പ്രാചീനാചാര്യന്മാർ പ്രകൃതിയെ അമ്മയായി കണ്ടത്. വിഷുദിനത്തിലെ കണിവസ്തുക്കളെല്ലാം നാം സമർപ്പിക്കുന്നത് ഭഗവാൻ കൃഷ്ണന്റെ മുമ്പിലാണ്. കൈനീട്ടമായി മുതിർന്നവർ നല്കുന്നത് ഗുരുപ്രസാദമാണ്.

ഇങ്ങനെ അമ്മയായ പ്രകൃതിയെ സംരക്ഷിക്കാനും, ഈശ്വരാർപ്പണബുദ്ധിയോടെ കർമ്മങ്ങൾ ചെയ്യാനും, ഗുരുത്വം നഷ്ടപ്പെടാതെ ജീവിക്കാനുമുള്ള സന്ദേശമാണ് വിഷുവും വിഷുക്കണിയും നമുക്കു നല്കുന്നത്.

☸ ☸ ☸ ☸

ഉത്തരായന ദക്ഷിണായന മധ്യ-
ത്തിൽവ-
ന്നക്ഷിക്കു നേരെ നിന്നാൻ പ്രത്യക്ഷം
പരംപുമാൻ
ചിങ്ങമല്ലത്രേ 'മേടവിഷുവം
മലനാടിൻ'
മംഗളവർഷത്തിന്നു കല്ലിടും
സന്മുഹൂർത്തം

**(പി. കുഞ്ഞിരാമൻനായർ)**